## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 34** **27-9-2016-ൽ മറുപടിയ്ക്ക്**

### എല്ലാ വീടുകളിലും വൈദ്യുതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോജി. എം. ജോൺ :<br>ശ്രീ. പി. ടി തോമസ് :<br>ശ്രീ. എൽ ദോസ് കുന്നപ്പിള്ളി :<br>ശ്രീ. അടൂർ പ്രകാശ് : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തെ എല്ലാ വീടുകളിലും വൈദ്യുതി എത്തുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (എ) 2017-ൽ കേരളത്തെ രാജ്യത്തെ സമ്പൂർണ്ണ ഗാർഹിക വൈദ്യുതീകരണ സംസ്ഥാനമാക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതിന്റെ ഭാഗമായി ഉണഭോക്താക്കളെ കണ്ടെത്താനായി വിപുലമായ തയ്യാറെടുപ്പുകൾ സർക്കാരും കെ. എസ്. ഇ. ബി. ലിമാറ്റഡും നടത്തിയിട്ടുണ്ട്.<br>2. എല്ലാ ജില്ലകളിലും ജനപ്രധിനിധികളുടയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ച് ചേർത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുകയുണ്ടായി.<br>3. വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളുടെ വിവരം ശേഖരിച്ചതനുസരിച്ച് തയ്യാറാക്കിയ കരട് പട്ടിക 9.9.2016 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>4. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനു വേണ്ടി 26/8/2016-ലെ സർക്കാർ ഉത്തരവ് ജി. ഒ. (എം. എസ്.) നമ്പർ 18/2016/ഊ.വ പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായ സംസ്ഥാന തല ഉന്നതാധികാര സമിതി, ജില്ലയുടെ ചാർജ്ജുള്ള മന്ത്രി ചെയർമാനായ ജില്ലാതല മോണിറ്ററിംഗ് സമിതി കെ. എസ്. ഇ. ബി ലിമിറ്റഡിലെ മുൻ ട്രാൻസ്മിഷൻ ആന്റ് ഡിസ്ട്രിബ്യൂഷൻ ഡയറക്ടർ ആയ ശ്രീ. കെ. അശോകൻ ചെയർമാനായ സംസ്ഥാന തല സാങ്കേതിക ഉപദേശക സമിതി, ബന്ധപ്പെട്ട നിയോജക മണ്ഡലത്തിലെ എം. എൽ.എ ചെയർമാനായ നിയോജക മണ്ഡലതല മോണിറ്ററിംഗ് സമിതി, ഒരോ ഗ്രാമപഞ്ചായത്തിലും മുനിസിപ്പൽ |

കൗൺസിലിലും മുനിസിപ്പൽ കോർപ്പറേഷനിലും നിർവ്വാഹക സമിതികൾ എന്നിവ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി കമ്മിറ്റികളുടെ അവലോകന യോഗങ്ങൾ നടന്നു വരുന്നു.

LSGD, SC/ST ക്ഷേമ വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ, ജനപ്രധിനിധികളുടെ (MLA SDF, MLA ADF,MP LAD)ഫണ്ടുകൾ, സന്നദ്ധ സംഘടനകളിൽ നിന്നുള്ള സാമ്പത്തിക സഹായം എന്നിവയിൽ നിന്നുമാണ് സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള എസ്റ്റിമേറ്റ് തുക കണ്ടെത്താൻ ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) ഇതിനുള്ള ഗുണഭോക്താക്കളെ കണ്ടെത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഇവരുടെ പട്ടിക എന്നു പ്രസിദ്ധീകരിക്കാനാകുമെന്നാണ് കരുതുന്നത് ;

(ബി) & (സി) ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി കെ. എസ്. ഇ. ബി യുടെ വെബ് സൈറ്റ് വഴിയും മാധ്യമങ്ങൾ മുഖേനയും ഉദ്യോഗസ്ഥർ നേരിട്ടും പ്രചരണം നടത്തിയിരുന്നു. ഉപഭോക്താക്കളുടെ രജിസ്ട്രേഷനു വേണ്ടി ലളിതമായ ഒരു ഫോറം തയ്യാറാക്കുകയും അത് ഗുണഭോക്താക്കൾക്കും ജനപ്രതിനിധികൾക്കും ലഭ്യമാക്കുകയും ചെയ്തിരുന്നു. ഇത് കൂടാതെ 9496018640 എന്ന നമ്പറിലേക്ക് മിസ്ഡ് കോൾ വഴി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സംവിധാനവും കെ. എസ്. ഇ. ബി ലിമിറ്റഡ് ഏർ പ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾക്കു പുറമേ സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കൈവശം നിലവിലുള്ള വിവരങ്ങളും വിവിധ വകുപ്പുകളുടെ സഹായത്തോടെ പുതുതായി ശേഖരിച്ച വിവരവും ഉപയോഗിച്ച് ഗുണഭോക്താക്കളുടെ കരട് പട്ടിക 09.09.2016ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ ചൂണ്ടിക്കാണിക്കപ്പെടുന്നപിഴവുകൾ ഒഴിവാക്കിയും വിട്ടുപോയിട്ടുള്ളഗുണഭോക്താക്കളെ ഉൾക്കൊള്ളിച്ചുമുള്ള അന്തിമ പട്ടിക 2016 സെപ്റ്റംബർ അവസാനത്തോടെ പ്രസിദ്ധീകരിക്കുന്നതാണ്.

(ഡി) എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാക്കുന്ന നടപടി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

(ഡി) 31.3. 2017 ഓടു കൂടി എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാക്കുന്ന നടപടി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

Hemalatha

സെക്ഷൻ ഓഫീസർ